പൂട്ടിക്കിടക്കുന്ന വ്യവസായ സ്ഥാപനങ്ങൾ തുറന്ന് പ്രവർത്തിപ്പിക്കാൻ നടപടി

42 [2179] ശ്രീ. എം. പ്രകാശൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര വ്യവസായ സ്ഥാപനങ്ങൾ പൂട്ടിക്കിടക്കുന്നുവെന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ സ്ഥാപനങ്ങൾ പൂട്ടിക്കിടക്കുന്നതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്നും സ്ഥാപനം തിരിച്ച് വെളിപ്പെടുത്തുമോ;

(സി) ഈ സ്ഥാപനങ്ങൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് സർക്കാർ കൈക്കൊണ്ട നടപടികൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഏകദേശം 78,000 ചെറുകിട വ്യവസായ യൂണിറ്റുകളും അഞ്ച് പൊതുമേഖലാ സ്ഥാപനങ്ങളും രണ്ട് പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓരോ ഡിവിഷനുകളും പൂട്ടിക്കിടക്കുന്നു.

(ബി) ഉൽപ്പന്നങ്ങളുടെ വിപണന പ്രശ്നങ്ങൾ, സാങ്കേതിക പ്രശ്നങ്ങൾ, വ്യവസായ രംഗത്തെ കടുത്ത മൽസരത്തെ അതിജീവിക്കാൻ കഴിയില്ലായ്മ, മാനേജ്മെന്റ് പ്രശ്നങ്ങൾ മുതലായവയാണ് ഈ സ്ഥാപനങ്ങൾ പൂട്ടിക്കിടക്കുന്നതിനുള്ള പൊതുവായ കാരണങ്ങൾ. പൊതുമേഖലാ സ്ഥാപനങ്ങൾ തിരിച്ചുള്ള സ്ഥിതിവിവരങ്ങൾ അനുബന്ധമായി നൽകിയിട്ടുണ്ട്. †

(സി) ചെറുകിട വ്യവസായ സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിനായി ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ പ്രത്യേക ജില്ലാ സമിതികൾ രൂപീകരിച്ച് പ്രവർത്തിക്കുന്നുണ്ട്. ധനകാര്യ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് അതാത് മേഖലാ മാനേജർമാരുടെ സാഹചര്യങ്ങളുടെ അടിസ്ഥാനത്തിലാണ് പുനരുദ്ധാരണ നടപടികൾ രൂപപ്പെടുത്തുന്നത്. സംസ്ഥാന പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ പ്രശ്നങ്ങൾ പരിഹാരം ചെയ്യുന്നതിനായി ഒരു പുതിയ സംവിധാനത്തിന് രൂപം നൽകുന്നതിനായി വ്യവസായ സാമൂഹ്യക്ഷേമ വകുപ്പു മന്ത്രി, ധന-എക്സൈസ് വകുപ്പുമന്ത്രി, കൃഷി-കയർ വകുപ്പുമന്ത്രി, ഊർജ്ജ വകുപ്പുമന്ത്രി, തൊഴിൽ വകുപ്പുമന്ത്രി എന്നിവരടങ്ങുന്ന ഒരു മന്ത്രിസഭാ ഉപസമിതി സർക്കാർ രൂപീകരിച്ചിട്ടുണ്ട്. നിലനിർത്താൻ കഴിയുന്ന പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ഒരു വൺ ടൈം അസിസ്റ്റൻസ് നൽകുന്ന കാര്യം ഈ സമിതി പരിശോധിക്കുന്നുണ്ട്. കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽസ് കോർപ്പറേഷന്റെ ഒരു യൂണിറ്റായ മലബാർ സ്പിന്നിംഗ് ആൻഡ് വീവിംഗ് മിൽസിൽ പുതിയ മെഷിനറികൾ സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം മന്ത്രിസഭാ ഉപസമിതിയുടെ പരിഗണനയിലുണ്ട്. സ്കൂട്ടേഴ്സ് കേരളയ്ക്ക് നിലവിലുള്ള വർക്ക് ഓർഡർ പൂർത്തീകരിക്കുന്നതിന് വിരമിച്ച ജീവനക്കാർക്കുള്ള കുടിശ്ശികയിനത്തിലും 40.16 ലക്ഷം രൂപ നൽകുന്നതിന് ക്യാബിനറ്റ് സബ് കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly